
# ട്ടികൾ അവരുടെ കുടുംബങ്ങളിലും അവരായിരിക്കുന്ന സമൂഹത്തിലും സുരക്ഷിതരാണെന്ന് ഉറപ്പാക്കാൻ ഏറ്റവും അനുയോജ്യരായവർ ആരാണ് ?





## ഗ്രാമതലത്തിലെ സാമൂഹ്യ അംഗങ്ങൾ

- കുട്ടികളോടും കുടുംബങ്ങളോടും ഏറ്റവും അടുത്ത് നിൽക്കുന്നവർ
- കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുവാനും അപകടസാധ്യതകളും ആവശ്യങ്ങളും തിരിച്ചറിയുവാനും, ഏറ്റവും ഉതകുന്ന സ്ഥാനങ്ങളിൽ ഉള്ളവർ

**പ്രാദേശികമായി കൈക്കൊള്ളുന്ന നടപടികളും പരിഹാരങ്ങളും കുട്ടികളെ കുടുംബ, സാമൂഹിക സുരക്ഷാ കവചങ്ങളാൽ സുരക്ഷിതരാക്കുന്നു**

unicef for every child
CHILD LINE 1098 NIGHT & DAY
Leher

# ആരൊക്കെയാണ് പഞ്ചായത്ത് തല ബാല സംരക്ഷണ കമ്മിറ്റിയുടെ അംഗങ്ങൾ?






സംസ്ഥാന സർക്കാർ അറിയിപ്പുകൾ പ്രകാരം ശിശു സംരക്ഷണ സേവന കമ്മിറ്റിയിൽ ഉൾപ്പെട്ടിരിക്കുന്ന അംഗങ്ങൾ; താഴെ പറയുന്നവരെ CPC യിൽ ഉൾപ്പെടുത്താൻ നമ്മൾ ശ്രദ്ധിക്കണം.



പഞ്ചായത്ത് തല ഉദ്യോഗസ്ഥരും പഞ്ചായത്തിലെ മറ്റ് പ്രവർത്തന സമിതികളിലെ അംഗങ്ങളും (സ്വയം സഹായ സംഘങ്ങൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, യുവജന സംഘം മുതലായവ)



പഞ്ചായത്തിലെ എല്ലാ മേഖലകിൽ നിന്നുമുള്ള ആളുകളുടെ പങ്കാളിത്തം ഉറപ്പാക്കണം (സ്ത്രീകളും പുരുഷൻമാരും , വ്യത്യസ്തമായ ഭൂ-വിഭാഗങ്ങളിൽ നിന്നും ഉള്ളവർ വ്യത്യസ്ത ജാതി, മതം,സാമ്പത്തിക നില മുതലായവ)



VCPC പ്രവർത്തനത്തെ സഹായിക്കാനും ശക്തിപ്പെടുത്താനും കഴിവുകളുള്ള വ്യക്തികൾ (ഡോക്യൂമെന്റഷൻ, ആശയവിനിമയം, റിസേർച്ച,, നെറ്റ് വർക്കിംഗ് മുതലായവ )

unicef for every child · CHILD LINE 1098 NIGHT & DAY · Leher

# കോവിഡ് രോഗികളായ മാതാപിതാക്കളുള്ള കുട്ടികളെ എങ്ങനെയാണ് VCPC പിന്തുണക്കേണ്ടത് -

**കൊവിഡ് ബാധിച്ച്/ആശുപത്രിയിൽ പ്രവേശിപ്പിച്ച / അല്ലെങ്കിൽ മരണമടഞ്ഞ രക്ഷിതാക്കളുടെ കുട്ടികൾക്ക് താഴെ പറയുന്ന സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നു എന്ന് VCPC ഉറപ്പാക്കണം:**



- പാകം ചെയ്ത ചൂടുള്ള ഭക്ഷണം, റേഷൻ, വെള്ളം, സോപ്പ്, സാനിറ്ററി വസ്തുക്കൾ
- ഒരു കേന്ദ്രികൃത കമ്മ്യൂണിറ്റി ലെവൽ പൂൾ വഴി; കയ്യുറകൾ, സാനിറ്റൈസർ, മാസ്കുകൾ, തെർമോമീറ്ററുകൾ, ORS ലായനി , പനി നിയന്ത്രണ മരുന്നുകൾ എന്നിവ നൽകുക
- രക്ഷിതാക്കളെ ആശുപത്രിയിൽ എത്തിക്കുന്നതിനോ അവരുടെ ആരോഗ്യ സംരക്ഷണത്തിനോ ആവിശ്യമായ സഹായം നൽകണം
- മാതാപിതാക്കളുമായി ഫോണിലൂടെ സംസാരിക്കുവാനുള്ള സാഹചര്യങ്ങൾ കുട്ടികൾക്ക് നൽകണം കൂടാതെ അവരുടെ മാതാപിതാക്കളുടെ ദൈനംദിന ആരോഗ്യസ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുകയും ചെയ്യണം





- കുട്ടികൾ വീട്ടിൽ തനിച്ചാണെങ്കിൽ 24X7 പരിചരണവും മേൽനോട്ടവും നൽകണം
- വൈകാരിക പിന്തുണയും കൗൺസിലിംഗും മാർഗനിർദേശങ്ങളും നൽകുക
- മാതാപിതാക്കൾ മരണപെട്ടാൽ അവരുടെ അന്ത്യകർമങ്ങൾ നടത്താൻ സഹായിക്കുക
- കുട്ടിയേയും കുടുംബത്തെയും പിന്തുണക്കാനായി ബന്ധുക്കൾ, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരെ സമീപിക്കുന്നു , കുട്ടികളെയും കുടുംബത്തെയും പിന്തുണയ്ക്കാൻ അവരാരെങ്കിലും മുന്നോട്ട് വന്നാൽ അല്ലെങ്കിൽ കുട്ടികളെ അവരോടൊപ്പം കൊണ്ടുപോകുകയാണെങ്കിൽ, അവരെ ബന്ധപ്പെടാനുള്ള വിവരങ്ങളും വിലാസങ്ങളും അടങ്ങിയ ഒരു രേഖ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /വാർഡ് പ്രതിനിധി/മുനിസിപ്പൽ കൗൺസിലർ/ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി എന്നിവർ സൂക്ഷിക്കണം.





- സമൂഹത്തിലെ കുടുംബങ്ങളുടെയും കുട്ടികളുടെയും സ്വകാര്യത, അന്തസ്സ്, വ്യക്തിത്വ സംരക്ഷണം എന്നിവ ഉറപ്പാക്കുക. കുടുംബത്തിന്/കുട്ടികൾക്ക് ആശ്വാസം/പിന്തുണ നല്കുന്നതിനല്ലാതെ പൊതുജനങ്ങൾക്കോ മാധ്യമങ്ങൾക്കോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകരുത്
- ശിശുസംരക്ഷണ സമിതിയുടെ അല്ലെങ്കിൽ അങ്കണവാടി വർക്കറുടെ മേൽനോട്ടത്തിൽ, ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മാതാപിതാളുടെ കുട്ടികൾക്ക് താത്കാലിക താമസ സൗകര്യം അല്ലെങ്കിൽ ക്വാറന്റൈൻ സൗകര്യം ഒരുക്കി കൊടുക്കുക
- സംരക്ഷിക്കാൻ ആളില്ലാത്ത കുട്ടികൾക്കായി താൽക്കാലിക/ദീർഘകാല/സ്ഥിരമായ പരിചരണ പരിഹാരങ്ങൾ ഉണ്ടാക്കുന്നതിനായുള്ള പ്രവത്തനങ്ങളെ ചൈൽഡ്‌ലൈൻ-1098 , ജില്ലാ ശിശു സരംക്ഷണ യൂണിറ്റ് എന്നിവരുമായി ചേർന്ന് ഏകോപിപ്പിക്കുക

Bal Sanrakshan Chakra CORONAKAAL
CHILD LINE 1098 NIGHT & DAY
unicef for every child
CHILD LINE 1098 NIGHT & DAY
Leher

# കോവിഡിന്റെ സാഹചര്യത്തിലും അതിനുശേഷവും കുട്ടികളുടെ ശരിയായ സംരക്ഷണം പ്രോത്സാഹിപ്പിക്കാനായി VCPC ക്ക് എന്തൊക്കെ ചെയ്യാനാവും

- കോവിഡ്-19 ന്റെ മറ്റൊരു തരംഗം ചെറുപ്പക്കാരായ മാതാപിതാക്കളെ ബാധിക്കുന്ന സാഹചര്യത്തിൽ, കുട്ടികൾക്ക് താൽക്കാലിക പരിചരണം നൽകാൻ തയ്യാറുള്ള കുടുംബങ്ങളെ/വ്യക്തികളെ കണ്ടെത്തി അവരെ ഫിറ്റ് പേഴ്സൺ ആയി അംഗീകരിക്കാനുള്ള പ്രവർത്തനങ്ങൾ ശിശുക്ഷേമ സമിതി വഴി നടത്തുക





- കമ്മ്യൂണിറ്റിയിൽ അപകടസാധ്യതയുള്ള കുടുംബങ്ങളെ കണ്ടെത്തി ഒരു മാപ്പ് തയാറാക്കുക (മാതാവോ പിതാവോ മാത്രമുള്ള , ഉപജീവന മാർഗ്ഗങ്ങളില്ലാത്ത കുടുംബങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ, വൈകല്യം, മാനസികരോഗം മുതലായവയിൽ പെടുന്ന കുടുംബങ്ങൾ)

- പൊതുവിതരണ പദ്ധതി, MGNREGA , പെൻഷനുകൾ, സ്പോൺസർഷിപ്പ്, ഉച്ചഭക്ഷണം, സ്കോളർഷിപ്പ് സ്കീം, മറ്റ് കോവിഡ്-19 അനുബന്ധ പിന്തുണ/നഷ്ടപരിഹാരം/Ex-gratia പേയ്മെന്റുകൾ തുടങ്ങിയ സാമൂഹിക സംരക്ഷണ പദ്ധതികളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയും പൊതു ജനങ്ങൾക്ക് ഇവയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുക.



- കമ്മ്യൂണിറ്റിയിലെ കുട്ടികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുക , കുട്ടികൾക്കു ലഭ്യമാവേണ്ട ഹ്യസ്വകാല അടിയന്തിര സർവീസുകൾ കൃത്യമായി ഏകോപിപ്പിക്കാനും നിയന്ത്രിക്കാനും മുൻകൈ എടുക്കുക

- സംരക്ഷിക്കാൻ ആളില്ലാത്ത കുട്ടികൾക്കായി താൽക്കാലിക/ദീർഘകാല/സ്ഥിരമായ പരിചരണ പരിഹാരങ്ങൾ ഉണ്ടാക്കുന്നതിനായുള്ള പ്രവത്തനങ്ങളെ ചൈൽഡ്ലൈൻ- 1098 , ജില്ലാ ശിശു സരംക്ഷണ യൂണിറ്റ്, cwc എന്നിവരുമായി ചേർന്ന് ഏകോപിപ്പിക്കുക കോവിഡ്-19 ദുരിതാശ്വാസ നടപടികളിൽ പഞ്ചായത്ത് ഭരണ സമിതിക്ക് ആവിശ്യമായ പിന്തുണ നൽകുക. (ആവശ്യമുള്ള കുടുംബങ്ങൾക്ക് റേഷൻ-, ബോറിസ് വിതരണം, ശുചീകരണ പ്രവർത്തനങ്ങൾ / ബ്ലീച്ചിംഗ് , വാക്സിനേഷന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, മിഥ്യാധാരണകൾ ഇല്ലാതാക്കുക, വാക്സിനേഷൻ ക്യാമ്പ് നടത്തുന്നതിനുള്ള സഹായം മുതലായവ)



- ഓരോ കുട്ടിയും സ്കൂളിൽ തിരിച്ചെത്തുന്നുവെന്ന് ഉറപ്പാക്കുക. കുട്ടികൾക്കും രക്ഷിതാക്കൾക്കും സ്കൂൾ തുറക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, കമ്മ്യൂണിറ്റിയിലേക്കു മടങ്ങിയെത്തിയ സ്കൂൾ പ്രവേശനമാവിശ്യമായ എല്ലാ കുട്ടികളെയും കണ്ടെത്തുക. സ്കൂളിൽ കോവിഡ്-19 സുരക്ഷാ പ്രോട്ടോക്കോളുകൾ കഴിയുന്നത്ര ഉറപ്പാക്കുക.

Bal Sanrakshan Chakra CORONAKAAL

# Watchful and alert VCPC do and act

- ഗ്രാമത്തിൽ കോവിഡ്-19 വാക്സിനേഷൻ ഡ്രൈവ് സംഘടിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തുമായി ചർച്ച ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുക
- കോവിഡ്-19 ദുരിതാശ്വാസ നടപടികളെയും സാമൂഹിക ക്ഷേമ സഹായ/ സേവനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ആളുകളുമായി ബന്ധിപ്പിക്കുകയും ചെയ്യുക
- ക്വാറന്റൈൻ സെന്റർ , PDS സ്റ്റോർ മുതലായവ നിരീക്ഷിക്കുക

- വാക്സിനേഷനുമായി ബന്ധപ്പെട്ട മിഥ്യാധാരണകൾക്കെതിരായ അവബോധം ഗൃഹ സന്ദർശനങ്ങൾ, വാട്ട്സ്ആപ്പ്, മറ്റ് നെറ്റ്വർക്കുകൾ ഒക്കെ വഴി പ്രചരിപ്പിക്കുക.

SCHOOL

- ഓരോ കുട്ടിയും സ്കൂളിൽ തിരിച്ചെത്തുന്നുവെന്ന് ഉറപ്പാക്കുക.
- സ്കൂൾ പുനരാരംഭിക്കുന്നതിനെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും അവബോധം നൽകുക.
- സമൂഹത്തിലേക്ക് മടങ്ങിയെത്തിയ സ്കൂളിൽ പ്രവേശനം ആവശ്യമായ എല്ലാ കുട്ടികളെയും തിരിച്ചറിയുക
- ക്ലാസ് റൂമുകൾ വൃത്തിയാക്കുന്നതിനു ടീച്ചർമാരെ
- സഹായിക്കുക
  സ്കൂളിൽ തിരിച്ചെത്താത്ത കുട്ടികളെ തിരിച്ചറിഞ്ഞ് തുടർ
- നടപടികൾ സ്വീകരിക്കുക
  സാനിറ്റൈസർ , സോപ്പ്, സാമൂഹിക അകലം തുടങ്ങിയ
- കോവിഡ്-19 സുരക്ഷാ നടപടികൾ സ്വീകരിക്കുന്നെണ്ടെന്ന് ഉറപ്പാക്കുക.
- കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിയുവാൻ പതിവായി സ്കൂളുകൾ സന്ദർശിക്കുക



- ശരിയായ ഇമ്യൂണൈസേഷൻ, പോഷകാഹാരം, ആരോഗ്യ പരിശോധനകൾ എന്നിവ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ
- AWC പതിവായി (എല്ലാ മാസവും) സന്ദർശിക്കുക
- AWC സേവനങ്ങൾ ലഭ്യമാക്കുന്നതിൽ നിന്ന് കുടുംബങ്ങളെ ഒഴിവാക്കിയിട്ടില്ലെന്ന് ഉറപ്പാക്കുക.
- കൊച്ചുകുട്ടികളുള്ള കുടുംബങ്ങൾക്ക് വാക്സിനേഷന് മുൻഗണന നൽകുന്നുണ്ടെന്ന് ഉറപ്പാക്കുക
- പതിവ് ഗൃഹസന്ദർശനങ്ങളിൽ AWW -നെ പിന്തുണയ്ക്കുക





- കമ്മ്യൂണിറ്റിയിൽ അപകടസാധ്യതയുള്ള കുടുംബങ്ങളെ (ഗൃഹ സന്ദർശനങ്ങൾ വഴി) കണ്ടെത്തുക (ഒരു രക്ഷിതാവ് മാത്രമുള്ള , ഉപജീവനമാർഗ്ഗം ഇല്ലാത്ത കുടുംബങ്ങൾ, PDS, വൈകല്യം, മാനസിക രോഗം മുതലായവ)
- കോവിഡ് പോസിറ്റീവ് രോഗികളുള്ള കുടുംബങ്ങളെ സഹായിക്കുക
- സാമൂഹിക സംരക്ഷണ പദ്ധതികളുമായുള്ള ബന്ധം സുഗമമാക്കുക (ഉച്ചഭക്ഷണം, PDS, MGNREGA, കോവിഡ് ദുരിതാശ്വാസ നടപടികൾ മുതലായവ)

- കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുരക്ഷാ വലയിൽ നിന്ന് കുട്ടികൾ വീണു പോകുന്നത് തടയാനും പ്രതികരിക്കാനും ജാഗ്രത പുലർത്തുകയും പ്രവർത്തിക്കുകയും ചെയ്യുക. (ശൈശവ വിവാഹത്തിൽ അകപ്പെടുന്ന കുട്ടികൾ , ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന കുട്ടികൾ, ചൂതാട്ടവും അലഞ്ഞുതിരിയലും, സ്കൂളിൽ തിരിച്ചെത്താത്ത കുട്ടികൾ, രക്ഷിതാക്കൾക്കൊപ്പം ജോലി ചെയ്യാനായി സ്കൂൾ വിട്ടുപോയ കുട്ടികൾ മുതലായവ)
- ചൈൽഡ് ലൈൻ 1098/ പോലീസ്/DCPU/CWC എന്നിവിടങ്ങളിലേക്കു കേസുകൾ റെഫർ/ റിപ്പോർട്ട് ചെയ്യുക

unicef for every child

CHILD LINE 1098 NIGHT & DAY

Leher

# മരണം മൂലമുണ്ടായ വ്യസനം/ ദുഃഖം  എന്നിവയെക്കുറിച്ച് കുട്ടികളോട് സംസാരിക്കുന്നു

**മരണവും ദുഃഖവും മനുഷ്യാനുഭവത്തിന്റെ സ്വാഭാവിക ഭാഗങ്ങളാണ്, നഷ്ടത്തെക്കുറിച്ചുള്ള വിലാപവും ഒരു സങ്കീർണ്ണ പ്രക്രിയയാണ്. മരണത്തെ കുറിച്ചും ദുഃഖത്തെ കുറിച്ചും കുട്ടികളോട് സംസാരിക്കുമ്പോൾ മാതാപിതാക്കൾ/പരിചരിക്കുന്നവർ/അധ്യാപകർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ**

- മരണവും ദുഃഖവും മനുഷ്യാനുഭവത്തിന്റെ സ്വാഭാവിക ഭാഗങ്ങളാണ്, നഷ്ടത്തെക്കുറിച്ചുള്ള വിലാപവും ഒരു സങ്കീർണ്ണ പ്രക്രിയയാണ്. മരണത്തെ കുറിച്ചും ദുഃഖത്തെ കുറിച്ചും കുട്ടികളോട് സംസാരിക്കുമ്പോൾ മാതാപിതാക്കൾ/പരിചരിക്കുന്നവർ/അധ്യാപകർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ
- നിങ്ങളുടെ കുട്ടിയെ ശ്രദ്ധിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുക. ചിലർക്ക് ചോദ്യങ്ങളുണ്ടാകാം, ചിലർ പ്രതികരിക്കാതിരിക്കാം, ചിലർ കരഞ്ഞേക്കാം. എന്തുതന്നെയായാലും, ഈ അനുഭവങ്ങളിലൂടെ കടന്നു പോകുവാൻ അനുവദിക്കുക കൂടാതെ  ശാരീരികമായും വൈകാരികമായും അവരോടൊപ്പം ഉണ്ടാവുകയും ചെയ്യുക
- നഷ്ടത്തെക്കുറിച്ചുള്ള സംഭാഷണങ്ങൾക്ക് ഇടം അനുവദിക്കുക, അത് ഉടനടി തുടങ്ങുകയും പിന്നീട് മാസങ്ങളോളവും വര്ഷങ്ങളോളവും തുടരുകയും ചെയ്യുക
- ശവസംസ്കാരത്തിലും ആചാരങ്ങളിലും നിങ്ങളുടെ കുട്ടിക്ക് ഒരു റോൾ (അത് ചെറുതാണെങ്കിൽ പോലും) അനുവദിക്കുക. എന്തുകൊണ്ടാണ് ആചാരങ്ങൾ നിലനിൽക്കുന്നതെന്നും അത് എന്താണ് സൂചിപ്പിക്കുന്നതെന്നും സംസാരിക്കുക.





- നിങ്ങളുടെ നഷ്ടപ്പെട്ട പ്രിയപ്പെട്ടവരുടെ ഓർമ്മകൾ പങ്കു വെക്കുമ്പോൾ കുട്ടിയേയും ഒപ്പം കൂട്ടുക. (മനോഹരമായ ഓർമ്മകളെക്കുറിച്ച് സംസാരിക്കുക)
- ദുഃഖിക്കുന്നതിന് ഒരു നിശ്ചിത കാലയളവോ രീതിയോ ഇല്ല. ദുഃഖം ഒരു സങ്കീർണ്ണമായ പ്രക്രിയയാണ്, അതിനാൽ അത് ചിന്തകളുടെയും വികാരങ്ങളുടെയും പെരുമാറ്റങ്ങളുടെയും ഒരു ശ്രേണിയായി ഭവിക്കുന്നു.
- മരണം ഒരു തരത്തിലും അവരുടെ തെറ്റല്ലെന്നും വികാരങ്ങളെ ശക്തിയായി മറിച്ച് വെക്കേണ്ടതില്ലെന്നും സംരക്ഷണം നൽകേണ്ട ആൾ അവരെ ബോധ്യപ്പെടുത്തുക.

Bal Sanrakshan Chakra CORONAKAAL

unicef for every child · CHILDLINE 1098 NIGHT & DAY · Leher

# മരണം മൂലമുണ്ടായ വ്യസനം/ ദുഃഖം എന്നിവയെക്കുറിച്ച് കുട്ടികളോട് സംസാരിക്കുന്നു



- ✕ കുട്ടികളിൽ നിന്ന് ദുഃഖം മറയ്ക്കരുത്. മരണത്തിനു ശേഷം കരയുന്നതും സങ്കടപ്പെടുന്നതും (ലിംഗഭേദമോ പ്രായമോ പരിഗണിക്കാതെ) സാധാരണവും ആരോഗ്യകരവുമാണെന്ന് കുട്ടിയെ അറിയിക്കുക.
- ✕ ദിനചര്യ മാറ്റരുത്. കുറഞ്ഞ മാറ്റങ്ങളോടെ കഴിയുന്നത്ര വേഗം കുട്ടിയുടെ ദിനചര്യ പുനഃസ്ഥാപിക്കാൻ ശ്രമിക്കുക.
- ✕ മരണം ചിരിക്ക് വിലക്ക് ഏർപ്പെടുത്തുമെന്ന് കരുതരുത്. ചിരി വളരെ ആശ്വാസം തരുന്നതാണ്. നിങ്ങളുടെ പ്രിയപ്പെട്ട ഒരാളുടെ ഓർമ്മകൾ/നിമിഷങ്ങൾ പങ്കിടാനും ചിരിക്കാനും കഴിയുന്നത് നിങ്ങളുടെ ജീവിതത്തിൽ അവരുടെ സാന്നിധ്യം എത്രത്തോളം പ്രാധാന്യമർഹിക്കുന്നതായിരുന്നു എന്നതിന്റെ സൂചനയാണ്.

# സർക്കിൾ:

ബന്ധങ്ങൾ പുനഃസ്ഥാപിക്കുന്ന ഒരു പ്രക്രിയ ആണിത്, കുട്ടികളോട് സംസാരിക്കാനും വികാരങ്ങൾ പങ്കിടാനും, ചർച്ച ചെയ്യാനും, വിയോജിക്കാനും, കുട്ടികളുമായി ബന്ധപ്പെട്ട / അവർ ആശങ്കാകുലരായ എന്തിനെയും പ്രതിഫലിപ്പിക്കാനും സുരക്ഷിതമായ ഒരു ഇടം ഇത് സൃഷ്ടിക്കുന്നു.

Bal Sanrakshan Chakra CORONAKAAL

**ഒരു സർക്കിളിൽ ഇരിക്കുക** - എല്ലാ പങ്കാളികൾക്കും പരസ്പരം കാണാൻ കഴിയും. ഒരു സർക്കിളിൽ ഇരിക്കുന്നത് (എല്ലാവരും മധ്യത്തിൽ നിന്ന് തുല്യ അകലത്തിലുള്ളതിനാൽ) സമത്വത്തിനും ബന്ധത്തിനും പ്രാധാന്യം നൽകുന്നു.

**സർക്കിൾ കീപ്പർ** - സുരക്ഷിതമായ മാന്യമായ രീതിയിൽ സംഭാഷണങ്ങൾ ക്രമീകരിക്കുന്നതിനും പരിപാടി സുഗമമാക്കുന്നതിനും ആവിശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉത്തരവാദിത്തമുണ്ട്.



**സെന്റർ പീസ്**: മധ്യഭാഗം ഊർജ്ജ കേന്ദ്രത്തെ പ്രതിനിധീകരിക്കുന്നു. സർക്കിൾ ഒരു പ്രത്യേക ഇടമാണെന്ന ഓർമ്മപ്പെടുത്തിക്കൊണ്ട് പങ്കെടുക്കുന്നവർക്ക് അവരുടെ കണ്ണുകൾ കേന്ദ്രീകരിക്കുവാനും ഫോക്കസ് ചെയ്യുവാനും ഉള്ള ഇടമാണ്. ഇത് സർക്കിളിന് ചുറ്റും ഒരു ഐക്യം സൃഷ്ടിക്കുന്നു.

**ടോക്കിംഗ് പീസ്:** സംസാരിക്കുന്നതിനുള്ള ഊഴം ആരുടെ ആണെന്ന് ആളുകളെ അറിയിക്കാൻ ഉപയോഗിക്കുന്ന വസ്തു. ഈ വസ്തു കൈയിൽ കിട്ടുന്ന ആൾ മാത്രമേ സംസാരിക്കാവൂ

**അടിസ്ഥാന നിയമങ്ങൾ:** ബഹുമാനത്തോടെ കേൾക്കുക; ബഹുമാനത്തോടെ സംസാരിക്കുക; നല്ല ഉദ്ദേശം; രഹസ്യസ്വഭാവം


unicef for every child
CHILDLINE 1098 NIGHT & DAY

# സർക്കിൾ:

## ഒരു വലയം ആരംഭിക്കുന്നതിനുള്ള പ്രക്രിയകൾ



സർക്കിൾ: ഒരു വലയം ആരംഭിക്കുന്നതിനുള്ള പ്രക്രിയകൾ



പങ്കെടുക്കുന്നവർ എത്തുന്നതിന് മുമ്പ് സർക്കിൾ കീപ്പർ സെൻട്രൽ പീസ് സ്ഥാപിക്കണം.



പങ്കെടുക്കുന്നവർ മീറ്റിംഗിൽ എത്തുമ്പോൾ, സർക്കിൾ കീപ്പർ കുട്ടികളെ സ്വാഗതം ചെയ്യണം, ഒരു സർക്കിളിൽ നിശബ്ദമായി ഇരിക്കാൻ ആവശ്യപ്പെടുകയും എല്ലാ കുട്ടികളും ഗ്രൂപ്പിൽ ചേരുന്നത് വരെ കണ്ണുകൾ അടയ്ക്കുകയും വേണം.



പങ്കെടുക്കുന്നവർ മീറ്റിംഗിൽ എത്തുമ്പോൾ, സർക്കിൾ കീപ്പർ കുട്ടികളെ സ്വാഗതം ചെയ്യണം, ഒരു സർക്കിളിൽ നിശബ്ദമായി ഇരിക്കാൻ ആവശ്യപ്പെടുകയും എല്ലാ കുട്ടികളും ഗ്രൂപ്പിൽ ചേരുന്നത് വരെ കണ്ണുകൾ അടയ്ക്കുകയും വേണം.



സർക്കിൾ കീപ്പർ സർക്കിൾ പ്രക്രിയ ആരംഭിക്കുന്നു, എല്ലാവർക്കുമായി ഒരു ഉദ്ധരണി വായിക്കുന്നു, തുടർന്ന് ഒരു ചോദ്യം ഉന്നയിക്കുകയും പങ്കെടുക്കുന്നവർക്ക് അവരുടെ പ്രതികരണം ഓരോന്നായി പങ്കിടുന്നതിനായി സംസാരിക്കുന്ന ഭാഗം ഇടത്തേക്കോ വലത്തേക്കോ  കൈമാറുകയും ചെയ്യുന്നു (സർക്കിൾ കീപ്പർ ആരംഭിക്കുന്നു).ഓരോ സർക്കിളും ചോദ്യങ്ങളാൽ നയിക്കപ്പെടും. ചുവടെയുള്ള പേജിലെ ഉദാഹരണങ്ങൾ നോക്കുക **

## ***Guide

**1. പ്രാരംഭം:** വലയത്തിലെ ചർച്ചകൾ കൃത്യമായ ദിശയിലെത്താനും അംഗങ്ങൾക്ക് സ്വാതന്ത്ര്യത്തോടെ ഇടപെട്ടു തുടങ്ങുവാനുമായി ഒരു കവിത ഭാഗം / ചെറുകഥ തയ്യാറാക്കാം. സർക്കിൾ ചർച്ചകൾ പുരോഗമിക്കുന്തോറും പോസിറ്റീവും അർത്ഥപൂർണ്ണവുമാകുന്നതിനും സർക്കിളിലെ ആദ്യ സമയത്തെ സെഷൻസ് വളരെ പ്രധാനമാണ്.

**2. ചെക്ക് ഇൻ:** ഇന്ന് നിങ്ങൾക്ക് എങ്ങനെ തോന്നുന്നു എന്ന് ചോദിക്കുന്നു. ?

**3. പ്രധാന സർക്കിൾ ചോദ്യങ്ങൾ:**
3 - 4 റൗണ്ട് ചോദ്യങ്ങളിലൂടെ ഒരു തീമിന് ചുറ്റും ഭ്രമണം  ചെയ്യുകയും വ്യത്യസ്ത വിഷയങ്ങളിൽ ഇതാവർത്തിക്കുകയും ചെയ്യുന്നു.
റഫറൻസിനായി ചില ചോദ്യങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**4. ക്ലോസിംഗ് / ചെക്ക് ഔട്ട് റൗണ്ട്:**
ചെക്ക് ഇൻ റൗണ്ടിൽ ഉപയോഗിച്ച ചോദ്യം സർക്കിൾ കീപ്പർക്ക് ആവർത്തിക്കാനാകും.

unicef for every child
CHILDLINE 1098 NIGHT & DAY
Leher

# സർക്കിളുകളിലൂടെ വ്യത്യസ്ത വിഷയങ്ങൾ ചർച്ച ചെയ്യുന്നു

## നഷ്ടം/ദുഃഖം/മുറിവ്/ഉപദ്രവം/അക്രമം

- എന്ത് സംഭവിച്ചു?
- ആ സമയത്ത് നിങ്ങൾ എന്താണ് ചിന്തിച്ചതും അനുഭവിച്ചതും?
- അതിനുശേഷം നിങ്ങൾ അതിനെക്കുറിച്ച് എന്താണ് ചിന്തിച്ചത്?
- ആരെയാണ് ബാധിച്ചിരിക്കുന്നത്, ഏതെല്ലാം വിധത്തിലാണ് അവരെ ബാധിച്ചിരിക്കുന്നത്?
- എങ്ങനെ കാര്യങ്ങൾ വ്യത്യസ്തമായി ചെയ്യാമായിരുന്നു?
- കാര്യങ്ങൾ ശരിയാക്കാനോ ഭാവിയിൽ കാര്യങ്ങൾ മെച്ചപ്പെടുത്താനോ എന്താണ് സംഭവിക്കേണ്ടത്?

## നന്ദിയും അഭിനന്ദനവും

- നിങ്ങൾ നിങ്ങളിൽ ശരിക്കും വിലമതിക്കുന്ന ഒന്നോ രണ്ടോ കാര്യങ്ങൾ ഏതാണ്?
- നിങ്ങളെത്തന്നെ വിലമതിക്കാൻ ഇടയാക്കിയ സമീപകാല സാഹചര്യം എന്താണ്?
- നിങ്ങൾ വളരെ ഗ്രേറ്റ്ഫുൾ ആയ ജീവിതത്തിലെ സമീപകാല സാഹചര്യം/സംഭവം എന്താണ്?
- നിങ്ങളുടെ ജീവിതത്തിൽ അഭിനന്ദനം/കൃതജ്ഞത പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയുണ്ടോ, അവർ നിങ്ങളെ എങ്ങനെ പ്രചോദിപ്പിച്ചു?

## Team/Group building

- ഒരു ഗ്രൂപ്പിന്റെ ഭാഗമായതിൽ നിങ്ങൾക്ക് സന്തോഷം തോന്നിയ ഒരു അനുഭവം പങ്കിടാമോ
- നിങ്ങളുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ , നിങ്ങൾ ഒരു ഗ്രൂപ്പിന്റെ ഭാഗമായി എന്ന് നിങ്ങളെ തോന്നിപ്പിച്ച ചില കാര്യങ്ങൾ എന്തൊക്കെയാണ്?
- നിങ്ങളുടെ ഗ്രൂപ്പ് ഉയർത്തിപ്പിടിക്കുന്നത് ഏതു മൂല്യം ആവണം എന്നാണ് നിങ്ങൾ വിചാരിക്കുന്നത് ?
- ഈ ഗ്രൂപ്പിൽ/ടീമിൽ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ള ഒരു മൂല്യം എന്താണ്?
- ഒരു ടീം/ഗ്രൂപ്പ് അംഗത്തിൽ നിങ്ങളെ ആകർഷിച്ച എന്തെങ്കിലും മൂല്യമുണ്ടോ, അത് പങ്കുവെയ്ക്കാമോ ?
- ഈ ഗ്രൂപ്പിന് എന്ത് മൂല്യമാണ് നിങ്ങൾ നൽകുന്നതെന്ന് നിങ്ങൾ കരുതുന്നു?
- ഈ ഗ്രൂപ്പിന്റെ ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കാനുള്ള നിങ്ങളുടെ പ്രതിബദ്ധത എന്താണ്?

## കുറച്ചു നാളുകൾക്കു ശേഷം കാണുമ്പോൾ

- നമ്മൾ അവസാനമായി കണ്ടുമുട്ടിയതിന് ശേഷം നിങ്ങളുടെ ജീവിതത്തിലെ വളരെ സന്തോഷകരമായ ഒരു നിമിഷത്തെക്കുറിച്ചും വെല്ലുവിളി നിറഞ്ഞ നിമിഷത്തെക്കുറിച്ചും പറയുക?
- കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നിങ്ങൾ മുന്നോട്ട് വന്ന് ധൈര്യപൂർവം തീരുമാനമെടുത്ത ഒരു സംഭവത്തെക്കുറിച്ച് പറയുക ?
- കഴിഞ്ഞ രണ്ട് വർഷമായി നിങ്ങളെ അലട്ടുന്ന ഒരു പ്രശ്നത്തെക്കുറിച്ച് പറയാമോ ?
- എന്താണ് നിങ്ങൾക്ക് പ്രതീക്ഷ നൽകുന്ന കാര്യം ?
- ഈ ആഴ്ച നിങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നത്?

# നമ്മുടെ കുട്ടികൾ സ്കൂളിൽ തിരിച്ചെത്തുന്നു എന്ന് ഉറപ്പാക്കണം

## കോവിഡ് കാലം പ്രത്യേകിച്ച് കുട്ടികൾക്ക് ബുദ്ധിമുട്ടായിരുന്നു .



കലാകായിക പ്രവർത്തനങ്ങൾ കുറഞ്ഞു



വിദ്യാഭ്യാസം തുടരുന്നത് വെല്ലുവിളിയായി രുന്നു



സുഹൃത്തുക്കളെ കാണാൻ കഴിഞ്ഞില്ല



വിശപ്പ്



ഉത്കണ്ഠയും ഭയവും



പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടു



- കുട്ടികൾ ജോലിക്ക് പോയാൽ മാത്രം വീട്ടിലെ സ്ഥിതി അൽപ്പവും താത്കാലികമായും മെച്ചപ്പെടുന്ന അവസ്ഥ
- വിദ്യാഭ്യാസം ഒരു മൗലികാവകാശമാണ് അത് സാമൂഹികവൽക്കരണം, വിനോദം, കായികം, ടീം വർക്ക്, പോഷകാഹാരം എന്നിവയ്ക്കുള്ള അത്യന്താപേക്ഷിതമായ ആവശ്യങ്ങളെ നിറവേറ്റുന്നു. സ്കൂൾ സുരക്ഷിതമായ ഇടമാണ്.

**പരസ്പരം പിന്തുണയ്ക്കാനും നമ്മുടെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിന്റെ സുരക്ഷയും തുടർച്ചയും ഉറപ്പാക്കാനും നമുക്ക് പ്രതിജ്ഞാബദ്ധരാകാം**

നമുക്ക് ഒരുമിച്ച് ചർച്ച ചെയ്ത് വിവിധ ഘട്ടങ്ങൾ തിരിച്ചറിയാം

- വിദ്യാർത്ഥികൾക്കായി കോവിഡ്-19 സുരക്ഷാ നടപടികൾ ഉറപ്പാക്കുന്നതിൽ സ്കൂൾ ജീവനക്കാരെ പിന്തുണയ്ക്കുക
- സമൂഹത്തിലെ സന്നദ്ധപ്രവർത്തകരെ തിരിച്ചറിയുക തിരിച്ചുവരാനും അവരുടെ പഠനവുമായി പൊരുത്തപ്പെടാനും കുട്ടികളെ സഹായിക്കുന്നതിന് റിവിഷൻ ക്ലാസുകൾ നടത്തുക
- വീണ്ടെടുപ്പിന്റെ വൃത്തം പരിപാടികളിലൂടെ കുട്ടികൾക്ക് ഇഷ്ടമുള്ള വിഷയങ്ങൾ/പ്രശ്നങ്ങൾ/സന്തോഷങ്ങൾ എന്നീ വികാരങ്ങൾ പങ്കിടാൻ ഒരു ഇടം സൃഷ്ടിക്കുക.

Bal Sanrakshan Chakra CORONAKAAL

unicef for every child

CHILDLINE 1098 NIGHT & DAY

Leher

# നമ്മുടെ കുട്ടികൾ സുരക്ഷിതരായി സ്കൂളിൽ തിരിച്ചെത്തുമെന്ന് നമുക്ക് ഒരുമിച്ച് ഉറപ്പാക്കാം (വിവിധ ഘട്ടങ്ങൾ )




- കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇടയിൽ സ്കൂൾ വീണ്ടും തുറക്കുന്നതുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കുക.
- കമ്മ്യൂണിറ്റിയിലേക്ക് മടങ്ങിയെത്തിയ സ്കൂളിൽ പ്രവേശനം ആവശ്യമായ എല്ലാ കുട്ടികളെയും തിരിച്ചറിയുക.
- പതിവ് ശുചീകരണത്തിൽ അധ്യാപകരെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക - ക്ലാസ്റൂം അണുവിമുക്തമാക്കുക
- എല്ലാ സ്കൂൾ ജീവനക്കാരും പരിചാരകരും വാക്സിനേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
- ഹാജരാകാത്തതോ പതിവായി ക്ളാസ്സിൽ എത്താതോ ആയ കുട്ടികളെ കണ്ടെത്തുന്നതിന് പതിവായി സ്കൂൾ സന്ദർശിക്കുക





**സാമൂഹിക അകലം:** ലഭ്യമായ റിസോഴ്സുകളെ മനസ്സിലാക്കിക്കൊണ്ട് തന്നെ , സ്കൂളിൽ സാമൂഹിക അകലം എങ്ങനെ ഉറപ്പാക്കാമെന്ന് ചർച്ച ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക

- കുട്ടികളെ പരസ്പരം അകലത്തിൽ ഇരുത്തുക.
- എല്ലാ കുട്ടികളും ടീച്ചർമാരും ഒരേ സമയം സ്കൂളിൽ വന്നു കൂട്ടമാകാതിരിക്കാൻ വ്യത്യസ്ത സമയങ്ങളിലായി ക്ലാസുകൾ ക്രമീകരിക്കുക
- ക്ലാസ് മുറികൾ പരമാവധി വായു സഞ്ചാരം ഉണ്ടാകുന്ന രീതിയിൽ ക്രമീകരിക്കുക.



**മാസ്ക് ധരിക്കൽ:** ക്ലാസ് മുറിയിലായാലും പുറത്തായാലും എല്ലാവരും മാസ്ക് ധരിക്കുന്നത് ഉറപ്പാക്കുക

**വൃത്തിയായിരിക്കുക** : സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ നന്നായി കഴുകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.



## വിദ്യാർത്ഥികളിൽ ഒരാൾക്ക് കോവിഡ് ലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ

- COVID-19 ലക്ഷണങ്ങൾ തിരിച്ചറിയൽ: പനി, ചുമ, ക്ഷീണം. ശ്വാസതടസ്സം, നെഞ്ചുവേദന അല്ലെങ്കിൽ സമ്മർദ്ദം, പേശി അല്ലെങ്കിൽ ശരീര വേദന, തലവേദന, രുചിയോ മണമോ നഷ്ടപ്പെടൽ, തൊണ്ടവേദന, മൂക്കൊലിപ്പ്, വയറിളക്കം, ഓക്കാനം, ഛർദ്ദി, വയറുവേദന, ചർമ്മത്തിലെ തിണർപ്പ് എന്നിവയും മറ്റ് ലക്ഷണങ്ങളിൽ ഉൾപ്പെടാം.
- നല്ല വായുസഞ്ചാരമുള്ള ഒരു മുറി ഒരു കാത്തിരിപ്പ് മുറിയായി നിശ്ചയിക്കുക.
- വിദ്യാർത്ഥികൾക്ക് അസുഖം അനുഭവപ്പെടുകയോ അല്ലെങ്കിൽ COVID-19 ന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയോ ചെയ്താൽ, അവരുടെ രക്ഷിതാക്കൾ/പരിരക്ഷകൻ അവരെ കൂട്ടിക്കൊണ്ടുപോകാൻ എത്തുന്നതുവരെ കുട്ടികൾ നിയുക്ത മുറിയിൽ കാത്തിരിക്കണം. അതിനുശേഷം, മുറി വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും വേണം

unicef for every child · CHILDLINE 1098 NIGHT & DAY · Leher · Bal Sanrakshan Chakra CORONAKAAL